# ദയാ മനസ്സും പരിധിയില്ലാത്ത വൈരാഗ്യവൃത്തിയും.

ഇന്ന് സ്നേഹ സാഗരനും ദയാ സാഗരനുമായ ബാപ്ദാദ തന്റെ സമാനമായ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. ഇന്ന് ബാപ്ദാദ വിശ്വത്തിലെ അജ്ഞാനികളായ കുട്ടികളെ കണ്ടു കൊണ്ടിരിക്കുകയായിരുന്നു. അജ്ഞാനികളാണെങ്കിലും ബാബയുടെ കുട്ടികൾ തന്നെയാണ്. ബാപ്ദാദായുടെ സംബന്ധത്തിലൂടെ സർവ്വ കുട്ടികളെ കണ്ട് കൊണ്ട് അനുഭവം ചെയ്തതിതാണ്– ഭൂരിപക്ഷം ആത്മാക്കൾക്ക് സമയത്തിനനുസരിച്ച് ഏതെങ്കിലുമൊക്കെ കാരണത്താൽ അറിഞ്ഞോ അറിയാതെയോ വർത്തമാന സമയത്ത് ദയ, അനുകമ്പയുടെ ആവശ്യമുണ്ട്. ആവശ്യം കാരണം ദയാ സാഗരനായ ബാബയെ ഓർമ്മിച്ചു കൊണ്ടിരിക്കുന്നു. നാനാവശത്തും ഇപ്പോഴത്തെ ആവശ്യമനുസരിച്ച് ഈ സമയത്ത് ദയാ ദൃഷ്ടിയ്ക്ക് വേണ്ടി നില വിളിക്കുന്നു കാരണം ഒന്ന് വ്യത്യസ്ഥമായ പ്രശ്നങ്ങൾ കാരണം തന്റെ മനസ്സിന്റെയും ബുദ്ധിയുടെയും സന്തുലനമില്ലാത്തത് കാരണം ദയാ സാഗരനായ ബാബയെ അഥവാ താൻ അംഗീകരിക്കുന്നവരെ ദയയ്ക്ക് വേണ്ടി വളരെ ദുഃഖത്തോടെ, പരവശതയോടെ വിളിച്ചു കൊണ്ടിരിക്കുന്നു. അറിവില്ലാത്ത ആത്മാക്കൾ ബാബയെ മനസ്സിലാക്കാത്തത് കാരണം തന്റെ ധർമ്മ പിതാക്കൻമാരെ അഥവാ ഗുരുക്കൻമാരെ അഥവാ ഇഷ്ട ദേവൻമാരെ ദയാ സാഗരനാണെന്ന് മനസ്സിലാക്കി വിളിച്ചു കൊണ്ടിരിക്കുന്നു എന്നാൽ നിങ്ങൾക്കെല്ലാവർക്കുമറിയാം ഈ സമയത്ത് ഒരേയൊരു ബാബ പരമപിതാ പരമാത്മാവിലൂടെയല്ലാതെ മറ്റൊരാത്മാവിലൂടെ ദയ ലഭിക്കുകയില്ല. ബാബ അവരുടെ ഇച്ഛകളെ പൂർത്തീകരിക്കുന്നതിനായി, ഭാവനയുടെ ഫലം നല്കുന്നതിനായി ഏതെങ്കിലും ഇഷ്ടാത്മാവിനെ അഥവാ മഹാനാത്മാവിനെ നിമിത്തമാക്കും എന്നാൽ ദാതാവ് ഒന്നാണ്– അതിനാൽ വർത്തമാന സമയത്തിനനുസരിച്ച് ദയാ സാഗരനായ ബാബ കുട്ടികളോട് പറയുന്നു– ബാബയുടെ സാഥി സഹയോഗി ഭുജങ്ങൾ നിങ്ങൾ ബ്രാഹ്മണ കുട്ടികൾ തന്നെയാണ്. അതിനാൽ എന്താണോ ആവശ്യം അത് നല്കുമ്പോൾ പ്രസന്നമാകുന്നു. അപ്പോൾ മാസ്റ്റർ ദയാഹൃദയരായോ? നിങ്ങളുടെ തന്നെ സഹോദരീ സഹോദരങ്ങളാണ്– സ്വന്തമാണെങ്കിലും അല്ലെങ്കിലും ഒരേ പരിവരാത്തിലേതല്ലേ. തന്റെ പരിവാരത്തിലെ അറിവില്ലാത്ത, പരവശരായ ആത്മാക്കളുടെ മേൽ ദയാമനസ്കരാകൂ. ഹൃദയത്തിൽ നിന്നും ദയയുണ്ടാകണം. വിശ്വത്തിലെ അറിവില്ലാത്ത ആത്മാക്കളെ പ്രതിയും ദയയുണ്ടാകണം. അതോടൊപ്പം ബ്രാഹ്മണ പരിവാരത്തിന്റെ പുരുഷാർത്ഥത്തിന്റെ തീവ്രഗതിയ്ക്ക് വേണ്ടി അഥവാ സ്വഉന്നതിക്കായി ദയാമനസ്സ് ആവശ്യമാണ്. സ്വഉന്നതിക്കായി സ്വയത്തിന്റെ മേൽ ദയയുള്ളവരാകുമ്പോൾ ദയാമനസ്സുള്ള ആത്മാവിന് സദാ പരിധിയില്ലാത്ത വൈരാഗ്യവൃത്തി സ്വതവേയുണ്ടാകുന്നു. സ്വയത്തിനോടും ദയയുണ്ടാകണം– ഞാൻ എത്ര ഉയർന്നതിലും വച്ച് ഉയർന്ന ബാബയുടെ സന്താനമാണ്, ബാബയ്ക്ക് സമാനമാകണം എന്ന ലക്ഷ്യമുള്ള ആത്മാവാണ്. അതിനനുസരിച്ച് യഥാർത്ഥമായ ശ്രേഷ്ഠ സ്വഭാവ സംസ്ക്കാരത്തിൽ കുറവുണ്ടെങ്കിൽ സ്വയം തന്റെ മേലുള്ള ആത്മാർത്ഥമായ ദയ കുറവുകളോട് വൈരാഗ്യം കൊണ്ടു വരും.

ബാപ്ദാദ ഇന്ന് ആത്മീയ സംഭാഷണം ചെയ്തു കൊണ്ടിരിക്കുകയായിരുന്നു– സർവ്വ കുട്ടികളും വളരെ സമർത്ഥരാണ്. പോയിന്റ് സ്വരൂപമായി മാറി, ഓരോ കുറവിനെയും മനസ്സിലാക്കാനുള്ള പോയിന്റുകളുണ്ട്, ഇന്നത് ചെയ്യണം ഇന്നത് ചെയ്യരുത് എന്നും അറിയാം, ഇതറിഞ്ഞിട്ടും പോയിന്റ് സ്വരൂപമാകുവാനോ, വ്യർത്ഥം കണ്ടാലും കേട്ടാലും അതിനെ ഫുൾസ്റ്റോപ്പിന്റെ പോയിന്റിടാനോ സാധിക്കുന്നില്ല. പോയിന്റുകൾ ഉണ്ട് എന്നാൽ പോയിന്റ് സ്വരൂപമാകുന്നതിന് വിശേഷിച്ചും എന്താണ് ആവശ്യം? തന്റെ മേലും മറ്റുള്ളവരുടെ മേലും ദയ. ഭക്തി മാർഗ്ഗത്തിലും സത്യമായ ഭക്തർ ഉണ്ടായിരിക്കും അഥവാ നിങ്ങളും സത്യമായ ഭക്തരായിരുന്നല്ലോ, നിങ്ങളിലും ആ പാർട്ട് ഉണ്ടായിരുന്നല്ലോ. അതിനാൽ സത്യമായ ഭക്തർ സദാ ദയാമനസ്കരായിരിക്കും അതിനാൽ അവർ പാപ കർമ്മത്തെ ഭയക്കുന്നു. ബാബയെ ഭയക്കുന്നില്ല എന്നാൽ പാപത്തെ ഭയക്കുന്നു. അതിനാൽ പല പാപങ്ങളിൽ നിന്നും മുക്തമാകുന്നു. ജ്ഞാന മാർഗ്ഗത്തിലും യഥാർത്ഥത്തിൽ ദയാമനസ്കരിൽ 3 കാര്യങ്ങളിൽ നിന്നും വേറിടാനുള്ള ശക്തിയുണ്ടായിരിക്കും. ദയയില്ലാത്തവർ മനസ്സിലാക്കി കൊണ്ടും, അറിഞ്ഞ് കൊണ്ടും മൂന്ന് കാര്യങ്ങൾക്കും പരവശപ്പെടുന്നു. ആ മൂന്ന് കാര്യങ്ങളാണ്– അലസത, അസൂയ, വെറുപ്പ്. ഏതൊരു കുറവ് അഥവാ ബലഹീനതയുടെ കാരണം 90 ശതമാനം ഈ മൂന്ന് കാര്യങ്ങളാണ്. ദയാമനസ്കരായവർ ബാബയുടെ സാഥി, ധർമ്മരാജന്റെ ശിക്ഷകളിൽ നിന്നും മുക്തമാകണം എന്ന ശുഭമായ ഇച്ഛ വയ്ക്കുന്നു. ഭക്തർ ഭയന്ന് അലസരാകാതിരിക്കുന്നത് പോലെ ബ്രാഹ്മണ ആത്മാക്കൾ ബാബയുടെ സ്നേഹം കാരണം ധർമ്മരാജപുരിയിലൂടെ കടക്കേണ്ടി വരുമല്ലോ എന്ന മധുരമായ ഭയം കാരണം അലസരാകുന്നില്ല. ബാബയുടെ സ്നേഹം അതിൽ നിന്നും അകറ്റുന്നു. തന്റെ ഹൃദയത്തിലെ ദയ അലസതയെ സമാപ്തമാക്കുന്നു. സ്വയത്തെ പ്രതി ദയാ ഭാവന ഉണ്ടാകുമ്പോൾ മനോഭാ

വന, സ്മൃതി ഇതിനനുസരിച്ച് സർവ്വ ബ്രാഹ്മണ സൃഷ്ടിയെ പ്രതി സ്വതവേ ദയാമനസ്കരാകുന്നു. ഇതാണ് യഥാർത്ഥമായ ജ്ഞാനയുക്തമായ ദയ. ജ്ഞാനമില്ലാത്ത ദയ ചിലപ്പോൾ നഷ്ടവും വരുത്തുന്നു. എന്നാൽ ജ്ഞാനയുക്തമായ ദയ ഒരിക്കലും ഒരാത്മാവിനെ പ്രതിയും അസൂയയുടേയോ വെറുപ്പിന്റേയോ ഭാവം ഹൃദയത്തിൽ ഉത്പന്നമാകാൻ അനുവദിക്കില്ല. ജ്ഞാനയുക്തമായ ദയയോടൊപ്പം തന്റെ ആത്മീയത യുടെ പ്രഭാവവും തീർച്ചയായും ഉണ്ടാകുന്നു. ദയ മാത്രമായിരിക്കില്ല. എന്നാൽ ദയയുടെയും സ്നേഹ ത്തിന്റെയും ബാലൻസ് ഉണ്ടായിരിക്കും. ജ്ഞാനയുക്തമായ ദയയില്ല, സാധാരണ ദയയാണെങ്കിൽ ഏതൊ രാത്മാവിനെ പ്രതി ആകർഷണത്തിന്റെ രൂപത്തിലാകട്ടെ, ഏതെങ്കിലും ബലഹീനതയുടെ രൂപത്തിലാകട്ടെ അവരുടെ മേൽ പ്രഭാവിതരാകുന്നു. പ്രഭാവിതരുമാകാൻ പാടില്ല. വെറുപ്പുമുണ്ടാകരുത്, പ്രഭാവിതരുമാ കാൻ പാടില്ല കാരണം നിങ്ങൾ ശരീരം, മനസ്സ്, ബുദ്ധി സഹിതം ബാബയിൽ പ്രഭാവിതരായി കഴിഞ്ഞു. മനസ്സും ബുദ്ധിയും ഒന്നിന്റെ നേർക്ക്, ഉയർന്നതിലും വച്ച് ഉയർന്നതിന്റെ നേർക്ക് പ്രഭാവിതമായിയെങ്കിൽ പിന്നെ മറ്റുള്ളവരിൽ എങ്ങനെ പ്രഭാവിതമാകാൻ സാധിക്കും? മറ്റുള്ളവരുടെ മേൽ പ്രഭാവിതരാകുന്നുവെ ങ്കിൽ അവരെയെന്ത് പറയും? നല്കിയ വസ്തു വീണ്ടും ഉപയോഗിക്കുക- അതിനെ പറയുന്നത് ആ വസ്തുവിൽ വീണ്ടും അവകാശം സ്ഥാപിക്കുക എന്നാണ്. മനസ്സും ബുദ്ധിയും നല്കിയെങ്കിൽ പിന്നെ അതിൽ എങ്ങനെ പ്രഭാവിതരാകുന്നു? ബാബയിൽ അർപ്പിച്ചില്ലേ അതോ പകുതി നല്കി പകുതി വച്ചിരി ക്കുകയാണോ? മുഴുവൻ നല്കിയവർ കൈ ഉയർത്തൂ? നോക്കൂ, ബ്രാഹ്മണ ജീവിതത്തിന്റെ അടിത്തറ, മഹാ മന്ത്രമെന്താണ്? മൻമനാഭവ. അപ്പോൾ മൻമനാഭവ ആയില്ലേ? അതിനാൽ ജ്ഞാന സഹിതമായ ദയാ മനസ്സുള്ള ആത്മാവ് ഒരിക്കലും ആരിലും അവരുടെ ഗുണങ്ങളിലാകട്ടെ, സേവനത്തിലാകട്ടെ, ഏതെ ങ്കിലും പ്രകാരത്തിലുള്ള സഹയോഗം പ്രാപ്തമാകുന്നത് കാരണം ആ ആത്മാവിന്റെ നേർക്ക് പ്രഭാവിത രാകാൻ സാധിക്കില്ല കാരണം പരിധിയില്ലാത്ത വൈരാഗിയായത് കാരണം ബാബയുടെ സ്നേഹം, സഹ യോഗം, കൂട്ട്ക്കെട്ട്- ഇതല്ലാതെ മറ്റൊന്നും അവർക്ക് കാണപ്പെടില്ല. ബുദ്ധിയിൽ വരികയേയില്ല. ബാബ യോടൊപ്പം ഇരിക്കും, ബാബയോടൊപ്പം ഉറങ്ങും, കഴിക്കും, സേവനം ചെയ്യും, കർമ്മയോഗിയാകും- ഇതേ സ്മൃതി സദാ ആത്മാവിന് ഉണ്ടായിരിക്കും. ഏതെങ്കിലും ശ്രേഷ്ഠാത്മാവിലൂടെ സഹയോഗം ലഭി ക്കുന്നുണ്ടെങ്കിലും അവരുടെയും ദാതാവ് ആര്? ഒരേയൊരു ബാബയുടെ നേർക്കല്ലേ ബുദ്ധിയോഗം പോകുന്നത്. സഹയോഗം നേടൂ, എന്നാൽ ദാതാവാര്, ഇത് മറക്കരുത്. ശ്രീമത്ത് ഒരേയൊരു ബാബയുടേ താണ്. ഏതെങ്കിലും നിമിത്തമായ ആത്മാവ് നിങ്ങൾക്ക് ബാബയുടെ ശ്രീമത്തിന്റെ സ്മൃതി നല്കുന്നു, പക്ഷെ അവരുടെ ശ്രീമത്തെന്ന് പറയില്ല, എന്നാൽ ബാബയുടെ ശ്രീമത്തിനെ ഫോളോ ചെയ്ത് മറ്റുള്ള വരെ കൊണ്ട് ഫോളോ ചെയ്യിക്കുന്നതിന് സ്മൃതി നല്കുന്നു. നിമിത്തമായ ആത്മാക്കൾ, ശ്രേഷ്ഠാത്മാ ക്കൾ ഒരിക്കലും എന്റെ നിർദ്ദേശമനുസരിച്ച് നടക്കൂ എന്ന് പറയില്ല. എന്റെ നിർദ്ദേശം തന്നെയാണ് ശ്രീമ ത്ത്- എന്ന് പറയില്ല. ശ്രീമത്ത് വീണ്ടും ഓർമ്മിപ്പിക്കുന്നു, ഇതിനെയാണ് പറയുന്നത് യതാർത്ഥമായ സഹ യോഗം നേടുക, സഹയോഗം നല്കുക എന്ന്. ദീദിയുടെ, ദാദിയുടെ ശ്രീമത്തെന്ന് പറയില്ല. നിമിത്തമാകു ന്നു, ശ്രീമത്തിന്റെ ശക്തി സ്മൃതി നല്കുന്നു അതിനാൽ ഏതൊരാത്മാവിലും പ്രഭാവിതരാകില്ല. ഏതെ ങ്കിലും കാര്യത്തിൽ ആരിലെങ്കിലും പ്രഭാവിതരാകുന്നുവെങ്കിൽ, അവരുടെ പേരിന്റെ മഹിമയിൽ, രൂപ ത്തിൽ അഥവാ ഏതെങ്കിലും വിശേഷതയിൽ ആകർഷണം കാരണം പ്രഭവിതരാകുന്നത് കാരണം ബുദ്ധി അവിടെ കുടുങ്ങി പോകുന്നു. ബുദ്ധി കുടുങ്ങിയെങ്കിൽ പറക്കുന്ന കലയുണ്ടാകില്ല. സ്വയത്തിലും പ്രഭാവി തരാകുന്നു- എന്റെ വളരെ നല്ല പ്ലാനിംഗ് ബുദ്ധിയാണ്, എന്റെ ജ്ഞാനം വളരെ സ്പഷ്ടമാണ്, എന്നെ പോലെ മറ്റാർക്കും സേവനം ചെയ്യാൻ സാധിക്കില്ല, എന്റെ ക്രിയാതമകമായ ബുദ്ധിയാണ്, ഞാൻ ഗുണ വാനാണ്- ഇങ്ങനെ തന്റെ മേൽ പ്രഭാവിതരാകാൻ പാടില്ല. വിശേഷതയുണ്ട്, പ്ലാനിംഗ് ബുദ്ധിയാണ് എന്നാൽ സേവനത്തിന് നിമിത്തമാക്കിയത് ആരാണ്? സേവനം എന്താണെന്ന് അറിയാമായിരുന്നോ അതി നാൽ സ്വഉന്നതിക്ക് വേണ്ടി യഥാർത്ഥമായി ജ്ഞാനയുക്തരും ദയാമനസ്കരുമാകേണ്ടത് വളരെ ആവശ്യ മാണ്. പിന്നെ ഈ അസൂയ, വെറുപ്പ് സമാപ്തമാകുന്നു. തീവ്രഗതിയുടെ കുറവിന്റെ മുഖ്യമായ കാരണം ഇത് തന്നെയാണ്- അസൂയ അഥവാ വെറുപ്പ് അല്ലെങ്കിൽ പ്രഭാവിതരാകുക. സ്വയത്തിന്റെ മേലാകട്ടെ, മറ്റു ള്ളവരുടെ മേലാകട്ടെ, നാലാമത്തെ കാര്യം കേൾപ്പിച്ചു- അലസത. ഇതൊക്കെ ഉണ്ടാകും. സമയത്ത് തയ്യാറാകും. ഇതാണ് അലസത. ബാപ്ദാദ ഒരു തമാശയുടെ കാര്യം നേരത്തെ കേൾപ്പിച്ചിരുന്നു. ബ്രാഹ്മ ണാത്മാക്കൾക്ക് ദൂര ദൃഷ്ടി വളരെ തീവ്രമാണ്, സമീപത്തുള്ള ദൃഷ്ടി കുറവാണ് അതിനാൽ മറ്റുള്ളവ രുടെ കുറവുകളെ പെട്ടെന്ന് കാണുന്നു, തന്റെ കുറവുകളെ സമയമെടുത്താണ് കാണുന്നത്.

അതിനാൽ ദയയുടെ ഭാവന സ്നേഹത്തിന്റേതുമായിരിക്കണം, കരുണയുമുണ്ടായരിക്കണം, ഇതിലൂടെ ഹൃദയത്തിൽ നിന്നും വൈരാഗ്യം ഉണ്ടാകും. ഏത് സമയത്താണോ കേൾക്കുന്നത് അഥവാ ഭട്ഠി ചെയ്യു ന്നത്, ആത്മീയ സംഭാഷണം ചെയ്യുന്നത്, ആ സമയത്ത് സർവ്വരും മനസ്സിലാക്കുന്നു- ഇങ്ങനെ തന്നെ ചെയ്യണം എന്ന്. അവിടെ അല്പക്കാല വൈരാഗ്യമാണ് ഉണ്ടാകുന്നത്, ഹൃദയത്തിൽ നിന്നല്ല. എന്താണോ

ബാബയ്ക്ക് ഇഷ്ടപ്പെടാത്തത് അതിനോട് ഹൃദയത്തിൽ നിന്നും വൈരാഗ്യം ഉണ്ടാകണം. സ്വയത്തിനും ഇഷ്ടപ്പെടുന്നില്ല എന്നാൽ പരിധിയില്ലാത്ത വൈരാഗ്യ ഭാവനയുടെ നിലം ഉഴുതൂ, ദയാമനസ്കരാകൂ. ചില കുട്ടികൾ വളരെ നല്ല നല്ല കാര്യങ്ങൾ കേൾപ്പിക്കുന്നു. പറയുന്നു- ആരെങ്കിലും കള്ളം പറയുമ്പോൾ ദേഷ്യം വരുന്നു, കള്ളം പറയുമ്പോൾ ദേഷ്യം ഉണ്ടാകുന്നു അഥവാ തെറ്റ് കാണുമ്പോൾ ദേഷ്യം ഉണ്ടാകുന്നു. അല്ലെങ്കിൽ വരുന്നില്ല. അവർ കള്ളം പറഞ്ഞുവെന്നത് ശരിയാണ്, അത് തെറ്റാണെന്ന് മനസ്സിലാക്കുന്നു, നിങ്ങൾ ദേഷ്യപ്പെടുന്നത് ശരിയാണോ? തെറ്റ് ചെയ്യുന്നവർക്ക് എങ്ങനെ തെറ്റാണെന്ന് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും? അതിന്റെ പ്രഭാവം എങ്ങനെയിരിക്കും? ആ സമയത്ത് തന്റെ തെറ്റിനെ കാണുന്നില്ല എന്നാൽ മറ്റുള്ളവരുടെ കള്ളത്തരത്തിന്റെ ചെറിയ കാര്യത്തെയും വലുതാക്കി മാറ്റുന്നു. അങ്ങനെയുള്ള സമയത്ത് ദയാമനസ്കരാകൂ. പ്രാപ്തമായിട്ടുള്ള ബാബയുടെ ശക്തികളിലൂടെ ദയാമനസ്കരാകൂ, സഹയോഗം നല്കൂ. അവരെയും കള്ളത്തരത്തിൽ നിന്നും മുക്തമാക്കണം എന്ന ശ്രേഷ്ഠമായ ലക്ഷ്യം വയ്ക്കുന്നുണ്ട്, നല്ല ലക്ഷ്യത്തിന് ആശംസകൾ. എന്നാൽ റിസൾട്ട് എന്തായിരിക്കും? അവരും തോറ്റു, നിങ്ങളും തോറ്റു. അപ്പോൾ തോറ്റവർക്ക് തോറ്റവരെ എങ്ങനെ വിജയിപ്പിക്കും? ചിലർ മനസ്സിലാക്കുനനു- എന്റെ ഉത്തരവാദിത്വമാണ്- അവരെ നല്ലതാക്കണം, മുന്നോട്ടുയർത്തണം. എന്നാൽ ഉത്തരവാദിത്വം നിറവേറ്റുന്നവർ ആദ്യം തന്റെ ഉത്തരവാദിത്വത്തെ ആ സമയത്ത് നിറവേറ്റുന്നുണ്ടോ അതോ മറ്റുള്ളവരുടെയാണോ നിറവേറ്റുന്നത്. ചിലർ നിമിത്തമായ ടീച്ചറാകുമ്പോൾ മനസ്സിലാക്കുന്നു- ചെറിയവരുടെ ഉത്തരവാദിത്വം എനിക്കാണ്, അവർക്ക് ശിക്ഷണം നല്കണം, പഠിപ്പിക്കണം. എന്നാൽ സദാ ഇത് ചിന്തിക്കൂ- യഥാർത്ഥമായ അറിവ് വരുമാന മാർഗ്ഗമായിരിക്കും. നിങ്ങൾ ടീച്ചറുടെ ഉത്തരവാദിത്വത്തിലൂടെ ശിക്ഷണം നല്കിയെങ്കിൽ ആദ്യം നോക്കൂ- ആ ശിക്ഷണത്തിലൂടെ മറ്റുള്ളവർക്ക് സമ്പാദ്യമുണ്ടായോ? വരുമാന മാർഗ്ഗമായോ അതോ നഷ്ടമായോ? അതിനാൽ ബാപ്ദാദ സദാ പറയുന്നു- ഏതൊരു കർമ്മം ചെയ്യുമ്പോഴും ത്രികാലദർശി സ്ഥിതിയിൽ സ്ഥിതി ചെയ്ത് ചെയ്യൂ. കേവലം വർത്തമാന സമയത്തെ മാത്രം കാണരുത്- ഇവർ ചെയ്തു, അതു കൊണ്ട് പറഞ്ഞു. എന്നാൽ അതിന്റെ ഭാവി പരിണാമം എന്തായിരിക്കുമെന്നത് കാണൂ. കഴിഞ്ഞു പോയ ആദി അനാദി സ്ഥിതിയായിരുന്നു ബ്രാഹ്മണാത്മാക്കളുടേത്, ഇപ്പോഴും ആണ്, ഇനിയും ആയിരിക്കും, അതിനനുസരിച്ചാണോ? മുന്ന് കാലങ്ങളേയും ചെക്ക് ചെയ്യൂ, അപ്പോൾ മനസ്സിലായോ ബാപ്ദാദ എന്താണ് പറയുന്നതെന്ന്.

സ്വഉന്നതി ചെയ്യും എന്നാൽ എന്ത് പരിവർത്തനം കൊണ്ടു വരും? മഹാരഥിയായിക്കോട്ടെ പുതിയവരായിക്കോട്ടേ- ബാപ്ദാദയുടെ ഒരേയൊരു ശുഭമായ ഇച്ഛയാണ്, എത്രത്തോളം ആഗ്രഹിക്കുന്നുവൊ ഇപ്പോൾ അത്രത്തോളം ആയിട്ടില്ല. റിസൾട്ട് പിന്നീടൊരിക്കൽ കേൾപ്പിക്കാം. ബാപ്ദാദാ അല്പക്കാലത്തെ വൈരാഗ്യമല്ല ആഗ്രഹിക്കുന്നത്. യഥാർത്ഥമായ വൈരാഗ്യം ഉണ്ടാകണം. - ബാബയ്ക്ക് ഇഷ്ടപ്പെടാത്തത് ചെയ്യരുത്, ചിന്തിക്കരുത്, പറയരുത്. ഇതിനെയാണ് ബാപ്ദാദ ഹൃദയത്തിൽ നിന്നുള്ള സ്നേഹം എന്ന് പറയുന്നത്. ഇപ്പോൾ മിക്സാണ്, ഇടയ്ക്ക് ഹൃദയത്തിൽ നിന്നുള്ള സ്നേഹം, ഇടയ്ക്ക് ബുദ്ധി കൊണ്ടുള്ള സ്നേഹം. മാലയിലെ ഓരോ മുത്തും അടുത്ത മുത്തിന്റെ സമീപത്തായിരിക്കണം, സ്നേഹിയായിരിക്കണം, ഉന്നതിക്കായി സഹയോഗിയാകണം, അതിനാൽ മാല തയ്യാറായിട്ടില്ല കാരണം മാല തയ്യാറാകുക അർത്ഥം യുഗൾ മുത്തുകൾക്ക് സമാനം പരസ്പരം സ്നേഹിയാകുക, സമീപത്ത് വരിക. ആദ്യം 108 ന്റെ മാല തയ്യാറാകണം. ബാപ്ദാദ വളരെ പ്രാവശ്യം മാല തയ്യാറാക്കാൻ വേണ്ടിയിരിക്കുന്നു എന്നാൽ ഇപ്പോൾ വരെ പൂർത്തിയായിട്ടില്ല. ഒരു മുത്ത് മറ്റൊരു മുത്തിന്റെ സമീപത്ത് വരുന്നത് അഥവാ ബാബ മാല കോർക്കുന്നത് അപ്പോഴാണ് എപ്പോഴാണോ മുത്തുകൾക്ക് മൂന്ന് സർട്ടിഫിക്കറ്റ് ലഭിക്കുന്നത്.-

ബാബയ്ക്ക് പ്രിയപ്പെട്ടവരാകണം, ബ്രാഹ്മണ പരിവാരത്തിന് പ്രിയപ്പെട്ടവരാകണം, തന്റെ യഥാർത്ഥമായ പുരുഷാർത്ഥവും ഇഷ്ടപ്പെടുന്നവരാകണം. മൂന്ന് കാര്യങ്ങളും ചെക്കിംഗ് നടക്കുമ്പോൾ സ്ഥിതി എവിടെയും എത്താത്തതിനാൽ മാലയിൽ കോർക്കപ്പെടുന്നില്ല. അതിനാൽ ഈ വർഷം ഏത് സ്ലോഗൻ ഓർമ്മിക്കും? ത്രിമൂർത്തി ബാബയും വിശേഷിച്ച് മൂന്ന് സംബന്ധങ്ങളിലൂടെ മൂന്ന് സർട്ടിഫിക്കറ്റും നേടണം. മറ്റുള്ളവർക്കും നേടി കൊടുക്കുന്നതിൽ സഹയോഗിയാകണം. മാലയിലെ സമീപത്തുള്ള മുത്തായി മാറുക തന്നെ വേണം. അതിനാൽ കേട്ടല്ലോ- സ്വഉന്നതി എന്താണ് ചെയ്യേണ്ടതെന്ന്. ബ്രഹ്മാബാബയുടെ അടിത്തറ നമ്പർവൺ പരിവർത്തനം എന്തായിരുന്നു? പരിധിയില്ലാത്ത വൈരാഗ്യം. ബാബ എന്ത് പറഞ്ഞുവൊ അത് ബ്രഹ്മാവ് ചെയ്തു, അതിനാൽ വിജയിച്ച് ഒന്നാമനായി തീർന്നു. ശരി.

ബാപ്ദാദ ഈ റിസൾട്ട് കാണും. ഓരോരുത്തരും സ്വയത്തെ കാണൂ, മറ്റുള്ളവരെ കാണരുത്. ചിലർ മനസ്സിലാക്കുന്നു- ഇന്ന് സീസണിന്റെ അവസാന ദിനമാണ് എന്നാൽ ബാപ്ദാദ പറയുന്നു- ലാസ്റ്റല്ല, മാലയുണ്ടാകുന്നതിന്റെ ഫാസ്റ്റ് സീസണിന്റെ ദിനമാണ്. സർവ്വർക്കും ചാൻസുണ്ട്. ഇപ്പോൾ മാല കോർത്തിട്ടില്ല,

ഫിക്സായിട്ടില്ല. മുന്ന് സർട്ടിഫിക്കറ്റ് നേടൂ, കോർക്കപ്പെടൂ. എത്രത്തോളം പ്രത്യക്ഷമായ തെളിവ് മുഖത്തിലും പെരുമാറ്റത്തിലും കാണപ്പെടുന്നുവൊ അത്രത്തോളം വീണ്ടും പുതിയ നിറ വ്യത്യാസം കാണാൻ സാധിക്കും. നിങ്ങളും അവിടെ തന്നെ നിന്ന് പോകുകയാണെങ്കിൽ നിറ വ്യത്യാസത്തിൽ വർദ്ധനവ് ഉണ്ടാകില്ല, അതിനാൽ സ്വയത്തിൽ നവീനത കൊണ്ടു വരൂ, പരിവാരത്തിലും തീവ്ര പുതിയ അലകൾ കൊണ്ടു വരൂ. പിന്നീട് മുന്നോട്ട് പോകുകയാണെങ്കിൽ എത്ര വിചിത്രമായ ദൃശ്യങ്ങൾ കാണാൻ സാധിക്കും. ഇതു വരെ കഴിഞ്ഞത് കഴിഞ്ഞു, ഇപ്പോൾ ഓരോ കാര്യത്തിലും പുതിയ ഉത്സാഹം, പുതിയ ഉണർവ്വ്......ഈ ചിറകുകളിലൂടെ പറന്നു കൊണ്ടിരിക്കൂ.

ബാക്കി ആരെല്ലാം സേവനത്തിൽ സഹയോഗം നല്കിയോ അർത്ഥം തന്റെ ഭാഗ്യം ഉണ്ടാക്കിയോ, നല്ലത് തന്നെയാണ് ചെയ്തത്. ദേശ വിദേശത്തുള്ള സേവാധാരികൾ സേവനം ചെയ്തു, അതിനാൽ സേവാധാരികളോട് ബാപ്ദാദ ഇത് തന്നെയാണ് പറയുന്നത്- സേവാധാരി അർത്ഥം ഗോൾഡൻ ചാൻസിന്റെ ഭാഗ്യം എടുക്കുന്നവർ. ഇപ്പോൾ ഈ ഭാഗ്യത്തെ എവിടെ പോയാലും വർദ്ധിപ്പിച്ചു കൊണ്ടേയിരിക്കണം, കുറയ്ക്കരുത്. കുറച്ച് സമയത്തെ ചാൻസ് സദാ തീവ്ര പുരുഷാർത്ഥത്തിന്റെ ഗോൾഡൻ അവസരം നല്കി കൊണ്ടിരിക്കും. സേവാധാരികൾ ആരെല്ലാമാണോ പോയത് അഥവാ പൊയ്ക്കൊണ്ടിരിക്കുന്നത് സർവ്വർക്കും ആശംസകൾ. ശരി.

സർവ്വ ദയാമനസ്കരായ ശ്രേഷ്ഠാത്മാക്കൾക്ക്, സദാ സ്വയത്തെ സ്വഉന്നതിയുടെ പറക്കുന്ന കലയിലേക്ക് കൊണ്ടു പോകുന്ന, തീവ്ര പുരുഷാർത്ഥി ആത്മാക്കൾക്ക്, സദാ ഒരേയൊരു ബാബയെ കൂടെ അനുഭവം ചെയ്യുന്ന അനുഭവീ ആത്മാക്കൾക്ക്, സദാ ബാബയുടെ ഹൃദയത്തിലെ ആശകളെ പൂർണ്ണമാക്കുന്ന കുല ദീപമായ ആത്മാക്കൾക്ക്, സദാ സ്വയത്തെ മാലയിലെ സമീപത്തെ മുത്താക്കുന്ന വിജയി ആത്മാക്കൾക്ക്, പരിധിയില്ലാത്ത വൈരാഗ്യ വൃത്തിയിലൂടെ സദാ ബാബയെ അനുകരിച്ച് ബാബയ്ക്ക് സമാനമായി മാറുന്ന അതി സ്നേഹി, വലം കൈകളായ കുട്ടികൾക്ക് ബാപ്ദാദായുടെ സ്നേഹ സ്മരണയും നമസ്തേ.

## വരദാനം- പ്രാപ്തികളെ ഇമർജ്ജ് ചെയ്ത് സദാ സന്തോഷത്തിന്റെ അനുഭവം ചെയ്യുന്ന സഹജയോഗിയായി ഭവിക്കട്ടെ.

സഹജയോഗത്തിന്റെ ആധാരമാണ്- സ്നേഹം, സ്നേഹത്തിന്റെ ആധാരമാണ് സംബന്ധം. സംബന്ധത്തിലൂടെ ഓർമ്മിക്കാൻ സഹജമാണ്. സംബന്ധത്തിലൂടെ തന്നെയാണ് സർവ്വ പ്രാപ്തികൾ ഉണ്ടാകുന്നത്. എവിടെ നിന്നാണോ പ്രാപ്തികളുണ്ടാകുന്നത് മനസ്സും ബുദ്ധിയും സഹജമായി അവിടേക്ക് പോകുന്നു, അതിനാൽ ബാബ നല്കിയിട്ടുള്ള ശക്തികളുടെ, ജ്ഞാനത്തിന്റെ, ഗുണങ്ങളുടെ, സുഖം- ശാന്തിയുടെ, ആനന്ദം, പ്രേമത്തിന്റെ ഖജനാക്കൾ, ലഭിച്ചിട്ടുള്ള പ്രാപ്തികൾ, അവയെ ബുദ്ധിയിൽ ഇമർജ്ജ് ചെയ്യൂ എങ്കിൽ സന്തോഷത്തിന്റെ അനുഭവമുണ്ടാകും, സഹജയോഗിയുമായി മാറും.

## സ്ലോഗൻ- സർവ്വ ചോദ്യങ്ങളിൽ നിന്നും ഉപരിയായിരിക്കുന്നവരാണ് പ്രസന്നചിത്തരായിരിക്കുന്നത്.